# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1528

03.12.2018-ൽ മറുപടിക്ക്

## ഓഖി ദുരന്തത്തിലെ കേന്ദ്ര സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.വി. വിജയദാസ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക ലഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (എ) | ഓഖിയുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 111.70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ആവശ്യപ്പെട്ട തുക എത്രയായിരുന്നു; വിശദവിവരം നൽകുമോ; | (ബി) | 7340 കോടി രൂപയുടെ ശുപാർശയാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. |
| (സി) | കേന്ദ്ര സഹായം ഉപയോഗിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | (സി) | ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് 1,14,032 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/- രൂപ വീതം ആകെ 22.80 കോടി രൂപ വിതരണം ചെയ്തു. ഇതു കൂടാതെ മരണപ്പെട്ടതോ/ കാണാതായവരുമായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായമായി അനുവദിച്ച 20 ലക്ഷം രൂപയിൽ 4 ലക്ഷം രൂപ ദുരന്ത നിവാരണ അതോറിറ്റിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത 4 ലക്ഷം രൂപ 143 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ തുകകൾ വിതരണം ചെയ്തത് റവന്യൂ വകുപ്പ് മുഖാന്തരമാണ്. |

സെക്ഷൻ ഓഫീസർ